// # പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, **email : obcdirectorate@gmail.com**

**BCDD-A1-1396/2017(1)** *'ഭരണഭാഷ-മാതൃഭാഷ'* തീയതി : 26/10/2017

**ഓട്ടോമൊബൈൽ വ്യവസായ രംഗത്ത് പരിശീലനവും തൊഴിലും ഉറപ്പ് നൽകുന്ന പദ്ധതിക്ക് പിന്നാക്ക സമുദായത്തിൽപ്പെട്ട (OBC) ഉദ്യോഗാർത്ഥികളിൽ നിന്നും (2017 – 18) അപേക്ഷ ക്ഷണിക്കുന്നു.**

## നോട്ടിഫിക്കേഷൻ

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ വ്യവസായ രംഗത്ത് പരിശീലനവും തൊഴിലും ഉറപ്പു നൽകുന്ന പദ്ധതിയ്ക്ക് പിന്നാക്ക സമുദായത്തിൽപ്പെട്ട ഐ.ടി.ഐ/ഐ.ടി.സി/ഡിപ്ലോമ പാസ്സായവരിൽ നിന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1) അപേക്ഷകർ സംസ്ഥാനത്തെ പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണം.
2) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷത്തിൽ അധികരിക്കരുത്.
3) ഓട്ടോ മൊബൈലുമായി ബന്ധപ്പെട്ട ITI/ITC/ഡിപ്ലോമ പാസ്സായവരായിരിക്കണം.
4) അപേക്ഷകരുടെ പ്രായം 1/1/2017 ൽ 40 വയസ്സിൽ അധികരിക്കരുത്.
5) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ സർക്കാരുമായും സ്ഥാപനവുമായും നിശ്ചിത മാതൃകയിൽ കരാർ ഒപ്പിടേണ്ടതും അതിലെ നിബന്ധനകളനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.
6) അപേക്ഷകരുടെ എണ്ണം കൂടുതലായാൽ കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ എണ്ണം പരിമിതപ്പെടുത്തുന്നതാണ്.
7) അപേക്ഷയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.
8) തൊഴിൽ നൽകാൻ സന്നദ്ധതയുള്ള അംഗീകൃത വിതരണ സർവ്വീസ് സ്ഥാപനങ്ങളെ അപേക്ഷകർ കണ്ടെത്തി അവരുടെ ശിപാർശയോടെ വരുന്ന അപേക്ഷകൾ പ്രത്യേകം പരിഗണിക്കുന്നതായിരിക്കും.

## സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1. സ്ഥാപനത്തിന്റെയും വകുപ്പിന്റെയും പ്രതിനിധികളടങ്ങിയ സമിതിയായിരിക്കും ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

2. പദ്ധതി അനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലന കാലത്ത് പ്രതിമാസം പരമാവധി 7000/- രൂപാ വീതം (3500/- രൂപ പരിശീലനം നൽകുന്ന സ്ഥാപനത്തിനും, 3500/- രൂപ പരിശീലനത്തിന് പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റായും) പത്തു മാസം വരെ പരിശീലന ചെലവ് നൽകുന്നതാണ്.

3. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്ഥാപനത്തിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ നൽകുന്നതിന് സ്ഥാപനം ബാദ്ധ്യസ്ഥമായിരിക്കും.

4. ഇതു സംബന്ധിച്ച് സ്ഥാപനം സർക്കാരുമായും ഉദ്യോഗാർത്ഥിയുമായും നിശ്ചിത മാതൃകയിലുള്ള കരാർ ഒപ്പിടേണ്ടതാണ്.

5. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിന്റെ നിയന്ത്രണങ്ങൾക്കും പെരുമാറ്റ ചട്ടത്തിനും വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

6. ഓരോ മാസവും 5-ാം തീയതിയ്ക്കുമുമ്പ് ബന്ധപ്പെട്ട സ്ഥാപനം നൽകുന്ന മുൻമാസത്തെ ഹാജരിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്.

7. പദ്ധതി സംബന്ധിച്ചും സർക്കാർ ഉത്തരവ് സംബന്ധിച്ചുമുള്ള മറ്റ് വിശദാംശങ്ങൾ www.bcdd.kerala.gov.in എന്ന വിലാസത്തിലും 0471-2727379 (തിരുവനന്തപുരം), 0484-2429130 (എറണാകുളം), 0495-2377786 (കോഴിക്കോട്) എന്നീ ടെലഫോൺ നമ്പറിൽ നിന്നും അറിയാവുന്നതാണ്.

8. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന **തീയതി 2017 നവംബർ 10.**

9. അപേക്ഷകൾ അയക്കേണ്ട വിലാസം : **മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്, എറണാകുളം-682030. ഫോൺ: 0484-2429130**

(ഒപ്പ്)

ഡയറക്ടർ

പിന്നാക്ക വിഭാഗ വികസന വകുപ്പ്

പകർപ്പ് :

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം/കോഴിക്കോട്

നോട്ടീസ് ബോർഡ്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്

സീനിയർ സൂപ്രണ്ട്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ/അധികം

*ആജ്ഞാനുസരണം*

*സീനിയർ സൂപ്രണ്ട്*

BCDD/A3/1396/17

| |
|---|
| അപേക്ഷാ നമ്പർ:<br>(For Office Use) |

കേരള സർക്കാർ

പിന്നാക്ക വിഭാഗ വികസന വകുപ്പ്

# ഓട്ടോ മൊബൈൽ തൊഴിൽ പരിശീലനത്തിനുള്ള അപേക്ഷ 2017-18

1. അപേക്ഷകന്റെ പേര് :
2. മതം /ജാതി* :
3. വയസ്സ്
4. ജനന തീയതി
5. ആൺ/പെൺ
6. കുടുംബ വാർഷികവരുമാനം*
7. APL/BPL
8. റേഷൻ കാർഡ് നമ്പർ*
9.

| സ്ഥിര മേൽ വിലാസം | ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| ഫോൺ നമ്പർ :<br>(STD കോഡ് സഹിതം) | ഫോൺ നമ്പർ :<br>(STD കോഡ് സഹിതം) |
| ഇമെയിൽ(if any) : | |

10. ആധാർ നമ്പർ
11. സാങ്കേതിക വിദ്യാഭ്യാസം നേടിയ സ്ഥാപനം:
12. കോഴ്സ്:
13. വിദ്യാഭ്യാസ യോഗ്യത* (From SSLC/HSE/VHSE etc)

| ക്രമ നമ്പർ | പരീക്ഷയുടെ പേര് | വിഷയം/ ട്രേഡ് | പരീക്ഷബോർഡ് | പാസ്സായ വർഷം | ലഭിച്ച ഗ്രേഡ്/ മാർക്ക് ശതമാനത്തിൽ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

(മറുപുറം)

14. തൊഴിലും പരിശീലനവും ലഭ്യക്കാൻ / നൽകാൻ സാധ്യതയുള്ള ഏതെങ്കിലും അംഗീകൃത വിതരണ സ്ഥാപനത്തെ കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ സ്ഥാപനത്തിന്റെ പൂർണ്ണമായ പേരും മേൽവിലാസവും :

15. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

1) ബാങ്കിന്റെ പേര് :
2) ബ്രാഞ്ച് :
3) അക്കൗണ്ട് ഹോൾഡറുടെ പേര് :
4) അക്കൗണ്ട് നമ്പർ :
5) IFSC കോഡ് :

## സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പർണ്ണമായും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. തെരഞ്ഞെടുക്കപ്പെട്ടാൽ സർക്കാരിന്റെയും സ്ഥാപനത്തിന്റെയും നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി പരിശീലനം പൂർത്തിയാക്കുമെന്നും തൊഴിൽ നിർവ്വഹിക്കുമെന്നും ഉറപ്പു നൽകുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരും ഒപ്പും

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. ജാതി സർട്ടിഫിക്കറ്റ്
2. വരുമാന സർട്ടിഫിക്കറ്റ്
3. വിദ്യാഭ്യാസ യോഗ്യത

(1–3: സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)

4. അംഗീകൃത സ്ഥാപനത്തിന്റെ ശുപാർശ (ഉണ്ടെങ്കിൽ)